**മധുരമായ കുട്ടികളെ - തന്റെ അവസ്ഥ നോക്കൂ എനിക്ക് ഒരു ബാബയോട് മാത്ര മാണോ ഉള്ളുകൊണ്ട് ഇഷ്ടം അതോ മറ്റേതെങ്കിലും കർമ്മ സംബന്ധികളുമായാണോ ഇഷ്ടം തോന്നുന്നത്.**

**ചോദ്യം:-** തന്റെ മംഗളം ചെയ്യുന്നതിന് വേണ്ടി ഏത് രണ്ട് കാര്യങ്ങളുടെ കണക്ക് ദിവസവും നോക്കണം?
**ഉത്തരം:-** യോഗത്തിന്റെയും പെരുമാറ്റത്തിന്റെയും കണക്ക് ദിവസവും നോക്കൂ. പരിശോധിക്കൂ ഒരു ഡിസ്സർവ്വീസ്സും ചെയ്യുന്നില്ലല്ലോ? സദാ തന്റെ ഹൃദയത്തോട് ചോദിക്കൂ ഞാൻ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട്? എന്റെ സമയം എപ്രകാരമാണ് സഫലമാക്കുന്നത്? മറ്റുള്ളവരെ നോക്കുന്നില്ലല്ലോ? ആരുടെയെങ്കിലും നാമ രൂപത്തിൽ മനസ്സ് കുടുങ്ങിയിട്ടില്ലല്ലോ?

**ഗീതം:-** മുഖം നോക്കൂ പ്രാണീ....

**ഓം ശാന്തി**. ഇത് ആരാണ് പറഞ്ഞത്? പരിധിയില്ലാത്ത ബാബ പറയുകയാണ് അല്ലയോ ആത്മാക്കളേ. പ്രാണി അർത്ഥം ആത്മാവ്. പറയുമല്ലോ - ആത്മാവ് പോയി അർത്ഥം പ്രാണൻ പോയി. ഇപ്പോൾ ബാബ സന്മുഖത്തിരുന്ന് മനസ്സിലാക്കി തരുകയാണ് അല്ലയോ ആത്മാക്കളെ ഓർമ്മിക്കൂ, കേവലം ഈ ജന്മത്തെ മാത്രം നോക്കരുത് എന്നാൽ എപ്പോൾ മുതൽ നിങ്ങൾ തമോപ്രധാനമായി മാറിയോ, അപ്പോൾ താഴെയ്ക്ക് പടികളിറങ്ങി പതിതരായി മാറി. അപ്പോൾ തീർച്ചയായും പാപം ചെയ്തിട്ടുണ്ടാവും. ഇപ്പോൾ ഇത് ബുദ്ധി യുടെ കാര്യമാണ്. എത്ര ജന്മ ജന്മാന്തരങ്ങളിലെ പാപഭാരമാണ് ശിരസ്സിന് മുകളിലുള്ളത്, അത് എങ്ങനെ അറിയാൻ കഴിയും. സ്വയം നോക്കണം നമ്മുടെ യോഗം എത്രയുണ്ടെന്ന്! ബാബയോടൊപ്പം എത്ര ത്തോളം നന്നായി യോഗം വെയ്ക്കുന്നുവോ അത്രയും വികർമ്മം വിനാശമാകും. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ അപ്പോൾ നിങ്ങളുടെ വികർമ്മം വിനാശമാകും ഇത് ഗ്യാരണ്ടിയാണ്. തന്റെ മനസ്സിന കത്തേയ്ക്ക് എല്ലാവരും നോക്കണം എനിക്ക് ബാബയോടൊപ്പം എത്രത്തോളം യോഗത്തിലിരിക്കാൻ കഴിയുന്നുണ്ട്? എത്രത്തോളം ഞാൻ യോഗം വെയ്ക്കുന്നുവോ, പവിത്രമായി മാറുന്നുവോ, പാപം മുറി ഞ്ഞു പോകും, യോഗം വർദ്ധിക്കും. പവിത്രമായി മാറുന്നില്ലായെങ്കിൽ യോഗവും വെയ്ക്കാൻ സാധിക്കി ല്ല. മുഴുവൻ ദിവസത്തിലും 15 മിനിറ്റ് പോലും ഓർമ്മയിലിരിക്കാൻ കഴിയാത്ത അനേകം പേരുണ്ട്. സ്വയം ചോദിക്കണം - എന്റെ ഹൃദയം ശിവബാബയോടൊപ്പമാണോ അതോ ദേഹധാരിയോടൊപ്പമാണോ? കർമ്മ സംബന്ധികളുമായിട്ടാണോ? മായ കൊടുങ്കാറ്റിൽ കുട്ടികളെയും കൊണ്ട് പോകുമല്ലോ! സ്വയവും മനസ്സിലാക്കാൻ സാധിക്കുന്നു എന്റെ അവസ്ഥ എന്താണ്? ശിവബാബയുമായിട്ടാണോ ഉള്ളുകൊണ്ടിഷ്ടം അതോ ഏതെങ്കിലും ദേഹധാരിയുടെ കൂടെയാണോ? കർമ്മ സംബന്ധികളുമായിട്ടാണെങ്കിൽ മനസ്സിലാ ക്കണം എന്റെ വികർമ്മം കൂടുതലാണ്. അവരെ മായ അഴുക്ക് ചാലിൽ തള്ളിയിടുന്നു. വിദ്യാർത്ഥി കൾക്ക് ഉള്ളിൽ മനസ്സിലാക്കാൻ സാധിക്കുന്നു, ഞാൻ പാസ്സാകുമോ ഇല്ലയോ? നല്ല രീതിയിൽ പഠിക്കു ന്നുണ്ടോ ഇല്ലയോ? നമ്പർവൈസായിരിക്കുമല്ലോ. ആത്മാവിന് തന്റെ മംഗളം ചെയ്യണം. ബാബയുടെ നിർദ്ദേശമാണ്, അഥവാ നിങ്ങൾ പുണ്യാത്മാവായി മാറി ഉയർന്ന പദവി നേടാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനാദ്യം വേണ്ടത് പവിത്രതയാണ്. വരുന്നതും പവിത്രമായാണ് പിന്നീട് പോകുന്നതും പവിത്രമായാ ണ്, പതിതർക്കൊരിക്കലും ഉയർന്ന പദവി നേടാൻ സാധിക്കില്ല. സദാ തന്റെ ഹൃദയത്തോട് ചോദി ക്കണം - ഞാൻ ബാബയെ എത്ര ഓർമ്മിക്കുന്നുണ്ട്, ഞാൻ എന്താണ് ചെയ്യുന്നത്? പിറകിലായ വിദ്യാർത്ഥി കളുടെ ഉള്ള് കുത്തുമെന്നത് തീർച്ചയാണ്. ഉയർന്ന പദവി നേടുന്നതിന് വേണ്ടിയാണ് പുരുഷാർത്ഥം ചെയ്യുന്നത്. എന്നാൽ സ്വഭാവവും വേണമല്ലോ. ബാബയെ ഓർമ്മിച്ച് തന്റെ തലയിലെ പാപഭാരം ഇറക്ക ണം. ഓർമ്മയിലൂടെയല്ലാതെ പാപഭാരം ഇറക്കാൻ സാധിക്കില്ല. അതിനാൽ ബാബയോട് വളരെയധികം യോഗമുണ്ടായിരിക്കണം. ഉയർന്നതിലും ഉയർന്ന ബാബ വന്ന് പറയുകയാണ് പിതാവായായ എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. സമയം അടുത്തേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ശരീ രത്തിൽ ഗ്യാരണ്ടിയില്ല. പെട്ടെന്ന് ഏതെങ്കിലും തരത്തിലുള്ള ആക്സിഡന്റ് ഉണ്ടാകുന്നു. അകാല മൃത്യു വിന്റെ ഫുൾ സീസണാണ്. അതിനാൽ ഓരോരുത്തർക്കും അവരവരുടെ പരിശോധന ചെയ്ത് തന്റെ മംഗളം ചെയ്യണം. മുഴുവൻ ദിവസത്തിന്റെയും കണക്ക് നോക്കണം - യോഗവും പെരുമാറ്റവും. നമ്മൾ മുഴുവൻ ദിവസത്തിലും എത്ര പാപം ചെയ്തു? മനസ്സിലും, വാക്കിലുമാണ് ആദ്യം വരുന്നത് പിന്നീട് കർമ്മത്തിലേക്ക് വരുന്നു. ഇപ്പോൾ കുട്ടികൾക്ക് ശരിയായ ബുദ്ധി ലഭിച്ചിരിക്കുകയാണ് നമുക്ക് നല്ല കർമ്മം ചെയ്യണം. ആർക്കും ബുദ്ധിമുട്ട് നൽകിയില്ലല്ലോ? അസത്യം പറയുന്നില്ലല്ലോ? ഡിസ്സർവ്വീസ് ചെയ്യുന്നി ല്ലല്ലോ? ചിലർ ആരുടെയെങ്കിലും നാമ രൂപത്തിൽ കുടുങ്ങി പിന്നെ യജ്ഞ പിതാവിന്റെ നിന്ദ ചെയ്യിപ്പിക്കു

ന്നു.

ബാബ പറയുകയാണ് ആർക്കും ദുഃഖം കൊടുക്കരുത്. ഒരു ബാബയുടെ ഓർമ്മയിലിരിക്കൂ. വളരെ ശക്തിശാലിയായ പ്രയത്നം ലഭിച്ചിട്ടുണ്ട്. അഥവാ നമ്മൾ ഓർമ്മയിലിരിക്കുന്നില്ലായെങ്കിൽ എന്താവും അവസ്ഥ! ഈ സമയം തെറ്റ് ചെയ്യുകയാണെങ്കിൽ പിന്നീട് പശ്ചാത്തപിക്കേണ്ടി വരും. ഇതും മനസ്സി ലാക്കി തന്നിട്ടുണ്ട് ആരാണോ കുറഞ്ഞ പദവി നേടുന്നവർ, അവർ കുറഞ്ഞ പദവിയേ നേടൂ. നമുക്ക് എന്ത് ചെയ്യാമെന്ന് ബുദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിക്കും. എല്ലാവർക്കും ഈ മന്ത്രം നൽകാൻ സാധിക്കണം – ബാബയെ ഓർമ്മിക്കൂ. കുട്ടികൾക്ക് ലക്ഷ്യം ലഭിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ ലോകത്തിലു ള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. ബാബയെ ഓർമ്മിക്കുന്നതിന്റെ കാര്യമാണ് ഏറ്റവുമാദ്യം മുഖ്യമാ യിട്ടുള്ളത്. രചയിതാവിന്റെയും രചനയുടെയും ജ്ഞാനം ലഭിച്ചു കഴിഞ്ഞു. ദിവസവും മനസ്സിലാക്കുന്നതിന് വേണ്ടി ഏതെങ്കിലുമൊക്കെ പുതിയ പുതിയ പോയിന്റുകൾ നൽകുന്നു. എങ്ങനെയാണോ വിരാട രൂപ ത്തിന്റെ ചിത്രം, അതിൽ പോലും നിങ്ങൾക്ക് മനസ്സിലാക്കികൊടുക്കാൻ സാധിക്കും. എങ്ങനെയാണ് വർണ്ണങ്ങളിൽ വരുന്നത് – ഇതും ഏണിപ്പടിയുടെ ഒരു വശത്ത് വെയ്ക്കുന്നതിനുള്ള ചിത്രമാണ്. മുഴുവൻ ദിവസവും ഈ ചിന്തനം നടന്നുകൊണ്ടിരിക്കണം എങ്ങനെ ആർക്കെങ്കിലും മനസ്സിലാക്കി കൊടുക്കാം? സേവനം ചെയ്യുന്നതിലൂടെയും ബാബയുടെ ഓർമ്മയുണ്ടായിരിക്കും. ബാബയുടെ ഓർമ്മയിലൂടെ മാത്രമേ വികർമ്മം വിനാശമാകൂ. തന്റെ തന്നെ മംഗളവും ചെയ്യണം. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് നിങ്ങളിൽ 63 ജന്മത്തിന്റെ പാപമുണ്ട്. പാപം ചെയ്ത് ചെയ്ത് സതോപ്രധാനത്തിൽ നിന്ന് തമോ പ്രധാനമായി മാറിയി രിക്കുന്നു. ഇപ്പോൾ എന്റേതായി മാറി ഇനി ഒരു പാപ കർമ്മവും ചെയ്യാതിരിക്കൂ. അസത്യം, പൈശാചി കമായ കാര്യം, വീട് ഉപേക്ഷിപ്പിക്കുക, കേട്ടതും കേൾക്കാത്തതുമായ കാര്യങ്ങൾ വിശ്വസിക്കുക – ഈ ചാരപ്പണി വളരെ നാശകരമാണ്. ബാബയുമായുള്ള യോഗം തന്നെ ഇല്ലാതാക്കുന്നു, അപ്പോൾ എത്ര പാപമായി. സർക്കാരിനും ചാരൻമാരുണ്ടാകും. സർക്കാരിന്റെ കാര്യം ഏതെങ്കിലും ശത്രുവിനോട് പറഞ്ഞ് വളരെയധികം നാശം വിതയ്ക്കുന്നു. പിന്നീടവർക്ക് വളരെ കടുത്ത ശിക്ഷ ലഭിക്കുന്നു. അതിനാൽ കുട്ടി കളുടെ വായിൽ നിന്ന് സദാ ജ്ഞാന രത്നങ്ങൾ വരണം. തല തിരിഞ്ഞ വാർത്തകൾ പോലും പരസ്പരം ചോദിക്കരുത്. ജ്ഞാനത്തിന്റെ സംഭാഷണം മാത്രം നടത്തണം. നിങ്ങൾ ബാബയുമായി എങ്ങനെ യോഗം വെയ്ക്കുന്നു? എങ്ങനെ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നു? മുഴുവൻ ദിവസവും ഈ ചിന്തയായി രിക്കണം. ചിത്രങ്ങളുടെ മുന്നിൽ പോയിരിക്കണം. നിങ്ങളുടെ ബുദ്ധിയിലാണെങ്കിൽ ജ്ഞാനമുണ്ടല്ലോ. ഭക്തിമാർഗ്ഗത്തിലാണെങ്കിൽ അനേകപ്രകാരത്തിലുള്ള ചിത്രങ്ങളെ പൂജിച്ചുകൊണ്ടിരിക്കുന്നു. ഒന്നും തന്നെ അറിയുകയുമില്ല. അന്ധവിശ്വാസം, ബിംബാരാധന (മൂർത്തിപൂജ) ഈ കാര്യങ്ങളിൽ ഭാരതം പ്രസിദ്ധമാ ണ്. ഇപ്പോൾ നിങ്ങൾ ഈ കാര്യങ്ങൾ മനസ്സിലാക്കികൊടുക്കുന്നതിൽ വളരെയധികം പരിശ്രമിക്കുന്നു. പ്രദർശനികളിൽ എത്ര പേരാണ് വരുന്നത്. വിവിധ പ്രകാരത്തിലുള്ളവരുണ്ട്, ചിലരാണെങ്കിൽ മനസ്സിലാ ക്കുന്നു, ഇത് കാണാനും മനസ്സിലാക്കാനും കൊള്ളാം. നോക്കും, പിന്നെ സെന്ററിലേയ്ക്കൊന്നും വരില്ല. ദിവസം ചെല്ലുന്തോറും ലോകത്തിന്റെ അവസ്ഥ വളരെ മോശമായികൊണ്ടിരിക്കുകയാണ്. ഒരുപാട് പ്രശ്നങ്ങളാണ്, വിദേശത്ത് എന്തെല്ലാമാണ് നടന്നുകൊണ്ടിരിക്കുന്നത് – ചോദിക്കേണ്ട കാര്യമില്ല. എത്ര മനുഷ്യരാണ് മരിക്കുന്നത്. തമോ പ്രധാന ലോകമാണല്ലോ. ബോംബുകളൊന്നും ഉണ്ടാക്കരുതെന്ന് കേവലം പറയുന്നു. പക്ഷെ അവർ പറയുകയാണ് നിങ്ങളുടെയടുത്ത് ഒരുപാട് ഉണ്ടാക്കി വെച്ചിട്ടുണ്ട് പിന്നെ ഞങ്ങൾക്കെന്തുകൊണ്ട് ഉണ്ടാക്കി കൂടാ. അല്ലെങ്കിൽ അടിമയായി കഴിയേണ്ടി വരും. എന്തെല്ലാം അഭി പ്രായങ്ങൾ വരുന്നുണ്ടോ അതെല്ലാം വിനാശത്തിന് വേണ്ടിയാണ്. വിനാശം നടക്കുക തന്നെ വേണം. ശങ്കരൻ പ്രേരിപ്പിക്കുന്നയാളെന്ന് പറയുന്നു എന്നാൽ ഇതിൽ പ്രേരണയുടെ ഒരു കാര്യവുമില്ല. നമ്മൾ ഡ്രാമയിലാണ് നിൽക്കുന്നത്. മായ വളരെ തീക്ഷ്ണമാണ്. എന്റെ കുട്ടികളെപോലും വികാരത്തിൽ വീഴ്ത്തു ന്നു. എത്രയാണ് മനസ്സിലാക്കികൊടുക്കുന്നത് ദേഹത്തോട് പ്രീതി വെയ്ക്കരുത്, നാമ രൂപത്തിൽ കുടുങ്ങ രുത്. എന്നാൽ തമോപ്രധാന മായയും ഇങ്ങനെ, ദേഹത്തിൽ കുടുക്കുന്നു. പൂർണ്ണമായും മൂക്കിന് പിടിക്കുന്നു. അറിയാൻ സാധിക്കുന്നില്ല. ബാബ എത്രയാണ് മനസ്സിലാക്കിത്തരുന്നത് – ശ്രീമതത്തിലൂടെ നടക്കൂ, എന്നാൽ നടക്കുന്നില്ല. രാവണന്റെ മതം പെട്ടെന്ന് ബുദ്ധിയിലേക്ക് വരുന്നു. രാവണന്റെ ജയിലിൽ നിന്ന് വിടുന്നില്ല.

ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ. ഇപ്പോൾ നമ്മൾ ഇവിടെ നിന്ന് പൊയ്ക്കഴിഞ്ഞു അത്രമാത്രം. അരകൽപ്പത്തിന്റെ രോഗത്തിൽ നിന്ന് നമ്മൾ മുക്തമാകുന്നു. അവി ടെയാണെങ്കിൽ നിരോഗിയായ ശരീരമാണ്. ഇവിടെയാണെങ്കിൽ എത്ര രോഗിയാണ്. ഇത് ഘോര നരക മല്ലേ. മനുഷ്യർ കേവലം ഗരുഡ പുരാണം വായിക്കുന്നു എന്നാൽ വായിക്കുന്നവർക്കോ കേൾക്കുന്ന വർക്കോ ഒന്നും തന്നെ മനസ്സിലാകുന്നില്ല. ബാബ സ്വയം പറയുകയാണ് മുമ്പ് ഭക്തിയുടെ എത്രയധികം ലഹരിയുണ്ടായിരുന്നു. ഭക്തിയിലൂടെ ഭഗവാനെ ലഭിക്കും, ഇത് കേട്ട് സന്തോഷിച്ച് ഭക്തി ചെയ്തുകൊ

ണ്ടേയിരുന്നു. പതിതമാകുന്നു അപ്പോഴാണ് വിളിക്കുന്നത് – അല്ലയോ പതിത പാവനാ വരൂ. ഭക്തി ചെയ്യുന്നു ഇത് നല്ലതാണ് പിന്നീട് ഭഗവാനെയെന്തിനാണ് ഓർമ്മിക്കുന്നത്! ഭഗവാൻ വന്ന് ഭക്തിയുടെ ഫലം നൽകുമെന്ന് കരുതുന്നു. എന്ത് ഫലം നൽകും – അതാർക്കും അറിയുകയില്ല. ബാബ പറയുന്നു ഗീത പഠിക്കുന്നവർക്കും മനസ്സിലാക്കി കൊടുക്കണം, അത് നമ്മുടെ ധർമ്മത്തിലുള്ളതാണ്. ആദ്യത്തെ മുഖ്യമായ കാര്യമിതാണ് ഗീതയിലെ ഭഗവാനുവാച. ഇപ്പോൾ ഗീതയുടെ ഭഗവാനാരാണ്? ഭഗവാന്റെ പരിചയം വേണമല്ലോ. നിങ്ങൾക്കറിയാൻ കഴിഞ്ഞു – ആത്മാവെന്താണ്, പരമാത്മാവെന്താണ്? മനുഷ്യർ ജ്ഞാനത്തിന്റെ കാര്യത്തിൽ വളരെയധികം ഭയപ്പെടുന്നു. ഭക്തി വളരെ നല്ലതായി തോന്നുന്നു. ജ്ഞാന ത്തിൽ നിന്ന് 3 മൈൽ ദൂരേക്ക് ഓടിപ്പോകുന്നു. പാവനമാകുന്നത് നല്ലതല്ലേ, ഇപ്പോൾ പാവന ലോക ത്തിന്റെ സ്ഥാപനയും, പതിത ലോകത്തത്തിന്റെ വിനാശവും ഉണ്ടാകുന്നു. എന്നാൽ തീർത്തും കേൾക്കു ന്നില്ല. ബാബയുടെ നിർദ്ദേശമാണ് – മോശമായത് കേൾക്കരുത്... പിന്നീട് മായ പറയുന്നു ബാബയുടെ കാര്യം കേൾക്കരുത്. മായയുടെ നിർദ്ദേശമാണ് ശിവബാബയുടെ ജ്ഞാനം കേൾക്കരുത്. ഇങ്ങനെ ശക്ത മായി മായ ചാട്ടവാറുകൊണ്ട് അടിക്കുന്നു അത് ബുദ്ധിയിലിരിക്കുന്നില്ല. ബാബയെ ഓർമ്മിക്കാനെ സാധി ക്കുന്നില്ല. മിത്ര സംബന്ധി, ദേഹധാരിയെ ഓർമ്മ വരുന്നു. ബാബയുടെ ആജ്ഞ മാനിക്കുന്നില്ല. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ എങ്കിലും ബാബയുടെ ആജ്ഞ അംഗീകരിക്കാത്തവരായി മാറി പറ യുന്നു ഞങ്ങൾക്ക് ഇന്നവരുടെ ഓർമ്മ വരുന്നു. ഓർമ്മ വന്നു എങ്കിൽ വീണു പോയി. ഈ കാര്യങ്ങളിൽ നിന്നെല്ലാം വൈരാഗ്യം വരണം. ഇത് തികച്ചും മോശമായ ലോകമാണ്. നമുക്ക് വേണ്ടി പുതിയ സ്വർഗ്ഗം സ്ഥാപിതമായികൊണ്ടിരിക്കുകയാണ്. നിങ്ങൾ കുട്ടികൾക്ക് ബാബയുടെയും സൃഷ്ടി ചക്രത്തിന്റെയും പരിചയം ലഭിച്ചിരിക്കുന്നു അതിനാൽ ആ പഠിപ്പിൽ തന്നെ മുഴുകണം. ബാബ പറയുന്നു തന്റെ ഉള്ളി ലേയ്ക്ക് നോക്കൂ. നാരദന്റെ ഉദാഹരണമുണ്ടല്ലോ. അതിനാൽ ബാബയും പറയുകയാണ് – സ്വയം നോക്കൂ, ഞാൻ ബാബയെ ഓർമ്മിക്കുന്നുണ്ടോ? ഓർമ്മയിലൂടെ മാത്രമേ പാപം ഭസ്മമാകൂ. ഏത് അവ സ്ഥയിലാണെങ്കിലും ശിവബാബയെ ഓർമ്മിക്കണം, മറ്റാരുമായും സ്നേഹം വെയ്ക്കരുത്. അന്തിമത്തിൽ ശിവബാബയുടെ ഓർമ്മയുണ്ടാവണം അപ്പോൾ പ്രാണൻ ശരീരത്തിൽ നിന്ന് പോകണം. ശിവബാബ യുടെ ഓർമ്മയുണ്ടാവണം സ്വദർശന ചക്രത്തിന്റെ ജ്ഞാനവുമുണ്ടാകണം. സ്വദർശന ചക്രധാരിയാരാ ണ്, ഇതുപോലും ആർക്കും അറിയുകയില്ല. ബ്രാഹ്മണർക്കും ഈ ജ്ഞാനം ആരാണ് നൽകിയത്? ബ്രാഹ്മ ണരെ ഇങ്ങനെ സ്വദർശന ചക്രധാരിയാക്കി മാറ്റിയതാരാണ്? പരംപിതാ പരമാത്മാ ബിന്ദു. അപ്പോൾ പര മാത്മാവും സ്വദർശന ചക്രധാരിയാണോ? അതെ, ബാബയാണ് ആദ്യം. ഇല്ലായെങ്കിൽ നമ്മൾ ബ്രാഹ്മ ണരെ ആര് രചിക്കും. മുഴുവൻ രചനയുടെയും ആദി, മധ്യ, അന്ത്യത്തിന്റെ ജ്ഞാനം ബാബയിലുണ്ട്. നിങ്ങളുടെ ആത്മാവിലും നിറക്കുന്നു, ബാബയും ആത്മാവാണ്. ഭക്തി മാർഗ്ഗത്തിൽ വിഷ്ണുവിനെ ചക്ര ധാരിയാക്കി മാറ്റിയിരിക്കുന്നു. നമ്മൾ പറയുന്നു പരമാത്മാവ് ത്രികാലദർശി, ത്രിമൂർത്തി, ത്രിനേത്രിയാണ്. ബാബ നമ്മളെ സ്വദർശന ചക്രധാരിയാക്കി മാറ്റുന്നു. ബാബയും തീർച്ചയായും മനുഷ്യ ശരീരത്തിൽ വന്നാണ് കേൾപ്പിക്കുന്നത്. രചനയുടെ ആദി-മധ്യ-അന്ത്യത്തിന്റെ ജ്ഞാനം തീർച്ചയായും രചയിതാവ് തന്നെയല്ലേ കേൾപ്പിക്കുക. രചയിതാവിനെ തന്നെ ആരും അറിയുന്നില്ലായെങ്കിൽ പിന്നെ രചനയുടെ ജ്ഞാനം എവിടെ നിന്ന് ലഭിക്കാനാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ശിവബാബ തന്നെയാണ് സ്വദർശന ചക്രധാരി, ജ്ഞാനത്തിന്റെ സാഗരൻ. നമ്മളെങ്ങനെ 84 ന്റെ ചക്രത്തിൽ വരുന്നുവെന്ന് ബാബ അറിയുന്നു. സ്വയം പുനർജന്മം എടുക്കുന്നില്ല. ബാബയിൽ ജ്ഞാനമുണ്ട്, അത് നമ്മെ കേൾപ്പിക്കുകയാണ്. അതുകൊണ്ട് ഏറ്റവുമാദ്യം ശിവബാബയാണ് സ്വദർശന ചക്രധാരി. ശിവബാബ തന്നെയാണ് നമ്മളെ സ്വദർശന ചക്ര ധാരിയാക്കി മാറ്റുന്നത്. പാവനമാക്കി മാറ്റുന്നു കാരണം ബാബ പതിത പാവനനാണ്. ബാബ രചയിതാ വുമാണ്. അച്ഛന് കുട്ടികളുടെ ജീവിതം അറിയുമല്ലോ. ശിവബാബ ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യിക്കു ന്നു. ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമല്ലേ. നിങ്ങളും പഠിക്കൂ, പഠിപ്പിക്കൂ. ബാബ പഠിപ്പിക്കുകയാണ് പിന്നീട് പറയുന്നു മറ്റുള്ളവരെയും പഠിപ്പിക്കൂ. അതിനാൽ ശിവബാബ തന്നെ നിങ്ങളെ സ്വദർശന ചക്ര ധാരിയാക്കി മാറ്റുന്നു. പറയുന്നു എന്നിൽ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനമുണ്ട് അതുകൊണ്ട് കേൾപ്പിക്കു ന്നു. 84 ജന്മം എങ്ങനെ എടുക്കുന്നു – ഈ 84 ജന്മങ്ങളുടെ കഥ ബുദ്ധിയിലുണ്ടായിരിക്കണം. ഇത് ബുദ്ധി യിലിരിക്കുകയാണെങ്കിൽ ചക്രവർത്തി രാജാവായി മാറാൻ സാധിക്കുന്നു. ഇതാണ് ജ്ഞാനം. ബാക്കി യോഗത്തിലൂടെ പാപം ഇല്ലാതാകുന്നു. മുഴുവൻ ദിവസത്തിന്റെയും കണക്കെടുക്കൂ. ഓർമ്മിക്കുന്നേയി ല്ലായെങ്കിൽ കണക്കിനെ എങ്ങനെ ഇല്ലാതാക്കും! മുഴുവൻ ദിവസത്തിലും എന്തെല്ലാം ചെയ്തു – ഇത് ഓർമ്മയുണ്ടായിരിക്കണമല്ലോ. ഇങ്ങനെയും മനുഷ്യരുണ്ട്, തന്റെ കണക്ക് എടുക്കുന്നു – എത്ര ശാസ്ത്ര ങ്ങൾ പഠിച്ചു, എത്ര പുണ്യം ചെയ്തു? നിങ്ങളാണെങ്കിൽ പറയും – എത്ര സമയം ഓർമ്മിച്ചു? എത്ര സന്തോഷത്തോടുകൂടി പോയി ബാബയുടെ പരിചയം നൽകി?

ബാബയിലൂടെ ഏത് പോയിന്റാണോ ലഭിച്ചിട്ടുള്ളത്, ഇടയ്ക്കിടയ്ക്ക് അതിന്റെ മഥനം ചെയ്യൂ. ഏത്

ജ്ഞാനമാണോ ലഭിച്ചത് അത് ബുദ്ധിയിൽ ഓർമ്മിക്കൂ, ദിവസവും മുരളി പഠിക്കൂ. അതും വളരെ നല്ലതാണ്. മുരളിയിൽ ഏതെല്ലാം പോയിന്റുകളാണോ ഉള്ളത് അതിനെ ഇടയ്ക്കിടയ്ക്ക് മഥനം ചെയ്യണം. ഇവിടെയിരിക്കുന്നവരെക്കാൾ കൂടുതൽ പുറമെ വിദേശത്തിരിക്കുന്നവരാണ് ഓർമ്മിച്ചുകൊണ്ടിരിക്കുന്നത്. എത്ര ബന്ധനസ്ഥരാണ്, ബാബയെ ഒരിക്കൽ പോലും കണ്ടിട്ടില്ല, വളരെയധികം ഓർമ്മിക്കുന്നു, ലഹരി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. വീട്ടിലിരുന്ന് സാക്ഷാത്ക്കാരം ഉണ്ടാകുന്നു അഥവാ കേട്ട് കേട്ട് അനായാസമായി നിശ്ചയമുണ്ടാകുന്നു. അതിനാൽ ബാബ പറയുകയാണ് ഉള്ളിൽ തന്റെ പരിശോധന ചെയ്തുകൊണ്ടേയിരിക്കൂ ഞാൻ എത്രത്തോളം ഉയർന്ന പദവി നേടും? എന്റെ പെരുമാറ്റം എങ്ങനെയുള്ളതാണ്? ഏതെങ്കിലും ആഹാരത്തോട് അത്യാഗ്രഹം ഇല്ലല്ലോ? യാതൊരു ശീലവുമുണ്ടായിരിക്കരുത്. അവ്യഭിചാരി ഓർമ്മയിലിരിക്കലാണ് മുഖ്യമായ കാര്യം. ഹൃദയത്തോട് ചോദിക്കൂ – ഞാൻ ആരെയാണ് ഓർമ്മിക്കുന്നത്? എത്ര സമയം മറ്റുള്ളവരെ ഓർമ്മിക്കുന്നുണ്ട്? ജ്ഞാനവും ധാരണ ചെയ്യണം, പാപവും ഇല്ലാതാകണം. ചിലർ ഇങ്ങനെയുള്ള പാപം ചെയ്തിട്ടുണ്ട് അതിന്റെ കാര്യമേ പറയേണ്ട. ഭഗവാൻ പറയുന്നു ഇത് ചെയ്യൂ എന്നാൽ പറയുന്നു പരവശരാണ് അർത്ഥം മായയുടെ വശത്താണ്. ശരി, മായയുടെ വശത്ത് തന്നെയിരിക്കൂ. ഒന്നുകിൽ നിങ്ങൾക്ക് ശ്രീമതത്തിലൂടെ നടക്കണം അല്ലെങ്കിൽ തന്റെ മതത്തിലൂടെ. നോക്കണം ഈ അവസ്ഥയിൽ ഞാൻ എത്രത്തോളം പാസ്സാകും? 21 ജന്മങ്ങളുടെ നഷ്ടം സംഭവിക്കുന്നു. എപ്പോഴാണോ കർമ്മാതീത അവസ്ഥയിലെത്തുന്നത് പിന്നീട് ദേഹാഭിമാനത്തിന്റെ പേര് പോലും ഉണ്ടായിരിക്കില്ല അതുകൊണ്ട് പറയുകയാണ് ദേഹീ അഭിമാനിയായി മാറൂ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം

1) യജ്ഞപിതാവിന്റെ നിന്ദ ഉണ്ടാകുന്ന തരത്തിൽ യാതൊരു കർമ്മവും ചെയ്യരുത്. ബാബയിലൂടെ ഏത് പവിത്രമായ ബുദ്ധിയാണോ ലഭിച്ചിരിക്കുന്നത് ആ ബുദ്ധിയിലൂടെ നല്ല കർമ്മങ്ങൾ ചെയ്യണം. ആർക്കും ദുഃഖം കൊടുക്കരുത്.

2) പരസ്പരം തല തിരിഞ്ഞ വാർത്ത ചോദിക്കരുത്, പരസ്പരം ജ്ഞാനത്തിന്റെ കാര്യങ്ങൾ മാത്രം പറയണം. അസത്യം, പൈശാചികം, വീട്ടിൽ പ്രശ്നമുണ്ടാക്കുന്ന കാര്യങ്ങൾ ഇതെല്ലാം ഉപേക്ഷിച്ച് മുഖത്തിൽ നിന്ന് സദാ രത്നങ്ങൾ വരണം. മോശമായ കാര്യങ്ങൾ കേൾക്കരുത്, കേൾപ്പിക്കരുത്.

## വരദാനം:- അഞ്ച് വികാരങ്ങളാകുന്ന ശത്രുവിനെ പരിവർത്തനപ്പെടുത്തി സഹയോഗിയാക്കി മാറ്റുന്ന മായാജീത്ത് ജഗത്ജീത്തായി ഭവിക്കട്ടെ.

വിജയിക്കുന്നവർ ശത്രുവിന്റെ രൂപം തീർച്ചയായും പരിവർത്തനപ്പെടുത്തുന്നു. എങ്കിൽ താങ്കൾ വികാരങ്ങളാകുന്ന ശത്രുവിനെ പരിവർത്തനപ്പെടുത്തി സഹയോഗി സ്വരൂപരാക്കൂ, അപ്പോൾ അവർ സദാ താങ്കളെ സലാം ചെയ്തുകൊണ്ടിരിക്കും. കാമവികാരത്തെ ശുഭകാമനയുടെ രൂപത്തിൽ, ക്രോധത്തെ ആത്മീയ ലഹരിയുടെ രൂപത്തിൽ, ലോഭത്തെ അനാസക്ത വൃത്തിയുടെ രൂപത്തിൽ, മോഹത്തെ സ്നേഹത്തിന്റെ രൂപത്തിൽ, ദേഹാഭിമാനത്തെ സ്വാഭിമാനത്തിന്റെ രൂപത്തിൽ പരിവർത്തനപ്പെടുത്തൂ എങ്കിൽ മായാജീത് ജഗത്ജീത്തായി മാറും.

## സ്ലോഗൻ:- യഥാർത്ഥ സ്വർണ്ണത്തിൽ എന്റേതെന്നത് തന്നെയാണ് കലർപ്പ്, അത് മൂല്യം കുറച്ചുകളയുന്നു അതിനാൽ എന്റേതെന്ന ഭാവത്തെ സമാപ്തമാക്കൂ.

**അവ്യക്ത സൂചനകൾ:- കമ്പൈന്റ് രൂപത്തിന്റെ സ്മൃതിയിലൂടെ സദാ വിജയിയാകൂ.**

എപ്പോഴെങ്കിലും ഏതെങ്കിലും കാര്യത്തിലോ സേവയിലോ ഒറ്റക്കാണെന്ന അനുഭവം തോന്നുമ്പോൾ ക്ഷീണിച്ചുപോകുന്നു. പിന്നെ രണ്ട് കൈകളുള്ളവരെ കൂട്ടുകാരാക്കി ആയിരം കൈകളുള്ളയാളെ മറന്നുപോകുന്നു. ആയിരം കൈകളുള്ളയാൾ തന്റെ പരംധാം വീട് വിട്ട് താങ്കളെ കൂടെ കൊണ്ടുപോകാൻ വന്നപ്പോൾ അവരെ എന്തുകൊണ്ട് കമ്പൈന്റാക്കി വെക്കുന്നില്ല! സദാ ബുദ്ധി കൊണ്ട് കമ്പൈന്റായിരിക്കൂ എങ്കിൽ സഹയോഗം ലഭിച്ചുകൊണ്ടിരിക്കും.